MR. MOHAMMED MUSTAFA : ഇപ്പോൾ ഈ ഹൗസ് ബഹുമാനപ്പെട്ട ഫുഡ് മിനിസ്റ്റർ ഗവണ്മെന്റിന്റെ ഫുഡ് പോളിസിയെക്കുറിച്ച് ഒരു പ്രസ്താവന ചെയ്തു. ഈ പ്രസ്താവനയേക്കുറിച്ചും ഗവണ്മെന്റിന്റെ ഫുഡ് പോളിസിയെക്കുറിച്ചും ഈ ഹൗസിൽ ഒരു വാദപ്രതിവാദം നടത്തേണ്ടതു ആവശ്യമാണെന്നു തോന്നുന്ന സ്ഥിതിക്ക് അതിനു ഇവിടെ അവസരം തരണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഏറ്റവും പ്രധാനമായ ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നയം എന്തായിരിക്കുമെന്നു പ്രധാനമന്ത്രിയിൽനിന്നും ഒരു പ്രസ്താവന ഉണ്ടായാൽകൊള്ളാമെന്നു എനിക്കാഗ്രഹമുണ്ട്.

HON'BLE MR. A. THANU PILLAI : സർ, മി. മുസ്തഫാ പറഞ്ഞ സംഗതികളിൽ ഞാൻ മി. മുസ്തഫായോടു യോജിക്കുന്നു, ഞാൻ മാത്രമല്ല, ഗവണ്മെന്റിന്റെ നിലയും അതുതന്നെയാണ്, ഇതു വളരെ പ്രധാനമായ ഒരു സംഗതിയാണ്. എന്റെ ബഡ്ജറ്റുപ്രസംഗത്തിൽതന്നെ പ്രാദേശികമായ ഡീകൺട്രോളും ഡിറേഷനിംഗും നടപ്പിൽ വരുത്തുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടെന്നും, എന്നാൽ ഇൻഡ്യാ ഗവണ്മെന്റിന്റെ അപേക്ഷയനുസരിച്ചു യോജിച്ചുമാത്രമേ അതു ചെയ്യുവാൻ വിചാരിക്കുന്നുള്ളൂ എന്നും പ്രസ്താവിച്ചിരുന്നു. പിന്നീടു കാര്യങ്ങൾ കൂടുതലായി ഗ്രഹിച്ചതിനുശേഷം ഇപ്പോൾ തിരുവിതാംകൂറിൽ ഡീകൺട്രോളും ഡിറേഷനിംഗും പ്രാദേശികമായിട്ടെങ്കിലും നടപ്പാക്കുന്നതു ബുദ്ധിപൂർവ്വകമല്ലെന്നാണ് ഗവണ്മെന്റ് വിചാരിക്കുന്നതു്. ആ സ്ഥിതിക്ക് അതിപ്രധാനമായ ഈ സംഗതിയെക്കുറിച്ചു സഭയ്ക്കു വാദപ്രതിവാദം ചെയ്യണമെന്നു കാണുന്നതിൽ യാതൊരു അത്ഭുതവുമില്ല. ഇതിനെക്കുറിച്ചു ഒരു മോഷൻ നാളെ പ്രസിഡന്റ് അനുവദിക്കുന്ന പക്ഷം ഈ സഭയിൽ ഹാജരാക്കുന്നതും, അതിന്മേൽ വാദപ്രതിവാദം നടത്താവുന്നതുമാകുന്നു.

MR. PRESIDENT : ഇതിനു ഒരു ക്ലിപ്തസമയം വേണമെന്നുകൂടി സഭ നിശ്ചയിച്ചുകൊള്ളും.

MR. MOHAMMED MUSTAFA : ഒരു പൂർണ്ണദിവസംതന്നെ വേണമെന്നാണ് എന്റെ അഭിപ്രായം.

HON'BLE MR. A. THANU PILLAI : നാളെ ഏതാനും ബില്ലുകൾ പാസ്സാക്കുന്ന ജോലിയാണു ശേഷിച്ചിട്ടുള്ളതു്. അതുകൊണ്ടു നാളെ ഉച്ചയ്ക്കുമേൽ ഇതേക്കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതു നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly